**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## വിശുദ്ധരാകുവാനുള്ള എളുപ്പവഴിയെക്കുറിച്ച് ഫ്രാൻസിസ് പാപ്പ



വത്തിക്കാൻ സിറ്റി: വിശുദ്ധരാകുവാനുള്ള ഏറ്റവും എളുപ്പവഴി ഈശോ ചെയ്തുപോലെ യൊക്കെ ചെയ്യുകയാണെന്ന് പരിശുദ്ധപിതാവ്. സകല വിശുദ്ധരുടെയും തിരുനാൾ ദിവസം വിശ്വാസികളോട് സംസാരിക്കുകയായിരുന്നു പാപ്പ. 'സന്തോഷത്തിലേക്കും വിശുദ്ധിയിലേക്കുമുള്ള നേർരേഖയായി നമുക്ക് കാണാവുന്നത് ബൈബിളിൽ നൽകിയിരിക്കുന്ന സുവിശേഷഭാഗ്യങ്ങളാണ്. ഈശോ നടന്ന വഴി ബുദ്ധിമുട്ടുള്ളതാണെങ്കിലും പ്രതിഫലം ഉറപ്പുള്ള, സ്വർഗ്ഗത്തിലേക്കുള്ള പാതയാണത്.' പാപ്പ ഉദ്ബോധിപ്പിച്ചു. വിശുദ്ധിയിലേക്കുള്ള വഴിയും സന്തോഷത്തിലേക്കുള്ള വഴിയും ഒന്നുതന്നെ. ഈശോ തന്നെയാണ് ആ വഴി. അവിടുന്നിലൂടെ സഞ്ചരിക്കുന്നവർ നിത്യജീവൻ സ്വന്തമാക്കുന്നു. ലളിതവും എളിമയുള്ളതുമായ ജീവിതം യേശുവിനെപ്പോലെ ഓരോരുത്തരും സ്വന്തമാക്കണം.

'വിലപിക്കുവാനും ശാന്തശീലരാകുവാനും നീതിക്കും സമാധാനത്തിനും വേണ്ടി അദ്ധ്വാനിക്കുവാനും ദൈവത്തിന്റെ കരുണയുടെ ഉപകരണങ്ങളാകുന്നതിനായി ക്ഷമ സ്വീകരിക്കുവാനും ഓരോ വിശ്വാസിക്കും കഴിയണം.'

ഈശോയുടെ വാക്കുകൾ എളുപ്പം മനസ്സിലാക്കുവാൻ ചിലപ്പോൾ സാധിക്കണമെന്നില്ല. കാരണം, ഒഴുക്കിനെതിരെ പ്രഘോഷിക്കപ്പെടുന്ന വാക്കുകളാണവ. ഈ വഴി സന്തോഷത്തിന്റെ വഴിയാണെന്ന ഉറപ്പ് ദൈവം നൽകുന്നുണ്ട്. ഇതിലെ സഞ്ചരിക്കുന്നവർ, ആദ്യം സാധിച്ചില്ലെങ്കിലും പതിയെ യഥാർത്ഥ സന്തോഷത്തിലേക്ക് വരും. ദൈവരാജ്യം മാത്രമാണ് ഏക സമ്പാദ്യമെന്ന അവസ്ഥ ഒരു വ്യക്തിയുടെ ജീവിതത്തിൽ സംജാതമാകുമ്പോഴാണ് യഥാർത്ഥത്തിൽ ഒരുവന് സന്തോഷിക്കാൻ സാധിക്കുക. ലൗകിക കാര്യങ്ങളിൽ നിന്ന് പൂർണ്ണമായി ഹൃദയം പറിച്ചുമാറ്റപ്പെടുമ്പോൾ മാത്രമെ ദൈവരാജ്യത്തെക്കുറിച്ച് കലർപ്പില്ലാതെ ചിന്തിക്കുവാൻ ഒരു വ്യക്തിക്കാകൂ.

'വിലപിക്കുന്നവരേ നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ ആശ്വസിപ്പിക്കപ്പെടും' എന്ന ഈശോയുടെ വാക്കുകളെക്കുറിച്ച് പാപ്പ ഇങ്ങനെ പറഞ്ഞു. 'കരയുന്ന ഒരുവന് എങ്ങനെയാണ് സന്തോഷിക്കാനാവുക? ആദ്യം ഈ വാക്കുകൾ വളരെ അപരിചിതമായി നമുക്ക് തോന്നാം. എന്നാൽ ഒരു കാര്യം മനസിലാക്കണം. ദുഃഖവും വേദനയും പ്രയാസങ്ങളും എന്തെന്നറിയാത്ത ഒരുവന് ആശ്വാസത്തിന്റെ ആഴങ്ങൾ മനസിലാവില്ല. അതിന്റെ സൗന്ദര്യവും മനസിലാകില്ല. ദൈവത്തിന്റെ മൃദുലമായ കരങ്ങൾ ഒരുവനെ ആശ്വസിപ്പിക്കാനെത്തുമ്പോൾ അതിന്റെ മാധുര്യം അനുഭവിക്കുന്നതിന് വേദനകളിലൂടെ കടന്നുപോകേണ്ടിവരും.'

ജീവിതത്തിൽ സഹനങ്ങളും വേദനകളും തിരസ്കരണവും ഉണ്ടായപ്പോൾ ഈശോ ശാന്തത

കൈവെടിയാതെ നിന്നു. അനുദിന ജീവിതത്തിൽ ഇപ്രകാരം ശാന്തത കാത്തുസൂക്ഷിക്കേണ്ടത് വിശുദ്ധിയിൽ ജീവിക്കുന്നതിന് അത്യന്താപേക്ഷിതമാണ് പാപ്പ സൂചിപ്പിച്ചു.

മറ്റുള്ളവരെ ചൂഷണം ചെയ്തും, കബളിപ്പിച്ചും, താഴ്ത്തിക്കെട്ടിയും സ്വയം വളരുവാനാഗ്രഹിക്കുന്നവർ ഒരിക്കലും ജീവിതത്തിൽ യഥാർത്ഥ സന്തോഷം അനുഭവിക്കുന്നില്ല. യഥാർത്ഥ സന്തോഷം വേണ്ടവർ യേശുവിലേക്ക് തിരിയണം. അവിടുത്തെ മാതൃക പിൻചെല്ലണം. പരിശുദ്ധപിതാവ് തന്റെ സന്ദേശത്തിൽ വ്യക്തമാക്കി.